# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2376 – 06/12/2018 -ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി

**ചോദ്യം** | **ഉത്തരം**

ശ്രീ. രാജു എബ്രഹാം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി പ്രകാരം എത്ര അപേക്ഷകളാണ് ഇതേവരെ ലഭിച്ചിട്ടുള്ളത്; ഇതുവഴി എത്ര രൂപയാണ് തിരിച്ചടവ് പദ്ധതിക്കായി ലഭ്യമാക്കുന്നത്; | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടൽ മുഖാന്തിരം ആകെ 78069 അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഇതുവരെ സർക്കാരിൽ ലഭിച്ചതും പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമാണെന്ന് ബാങ്കുകൾ ശുപാർശ ചെയ്തതുമായ 15303 അപേക്ഷകളിലെ സർക്കാർ വിഹിതമായ 148.25 കോടി രൂപ ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയിട്ടുണ്ട്. മറ്റ് അപേക്ഷകളിൽ നടപടി പുരോഗമിക്കുകയാണ്. മുഴുവൻ അപേക്ഷകളുടേയും പരിശോധന പൂർത്തിയാകുന്ന മുറയ്ക്കേ പദ്ധതിക്ക് ആകെ വേണ്ടി വരുന്ന തുകയുടെ കണക്കുകൾ ലഭ്യമാകുകയുള്ളൂ. യോഗ്യമായ മുഴുവൻ അപേക്ഷകൾക്കുമുള്ള സർക്കാർ വിഹിതം അനുവദിക്കുന്നതാണ്. |
| ബി | ആദ്യഘട്ടമായി എത്ര പേർക്കാണ് ഇതിനോടകം തുക അനുവദിച്ച് നൽകിയിട്ടുള്ളത്; ബാക്കിയുള്ളവർക്ക് എന്ന് അനുമതി നൽകുമെന്ന് വ്യക്തമാക്കാൻ കഴിയുമോ; | |
| സി | അടിയന്തരമായി തുക തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ട് ബാങ്കുകൾ, വായ്പ തിരിച്ചടവ് പദ്ധതിയിൽ അപേക്ഷ നൽകി കാത്തിരിക്കുന്നവരെ സമ്മർദ്ദത്തിലാക്കുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇത്തരം | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിൽ അപേക്ഷ സ്വീകരിച്ചു കഴിഞ്ഞാൽ എല്ലാ റിക്കവറി നടപടികളും, കോടതി വിധി നടത്തിപ്പ് / റിക്കവറി സർട്ടിഫിക്കറ്റ് പ്രകാരമുള്ള നടത്തിപ്പും ഈ പദ്ധതി പ്രകാരമുള്ള ക്ലെയിമുകളുടെ തീർപ്പാക്കൽ വരെ |

| | | |
|---|---|---|
| | കേസുകളിൽ എന്ത് നടപടി യെടുക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | താൽക്കാലികമായി നിർത്തി വയ്ക്കേണ്ട താണെന്ന് ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അടിയന്തിരമായി തുക തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ട് ബാങ്കുകൾ, വായ്പ തിരിച്ചടവ് പദ്ധതിയിൽ അപേക്ഷ നൽകി കാത്തിരിക്കുന്നവരെ സമ്മർദ്ദത്തിലാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരത്തിൽ പരാതികൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് അന്വേഷിക്കാൻ സംസ്ഥാനതല ബാങ്കിംഗ് സമിതിയോട് ആവശ്യപ്പെടുന്നതാണ്. |
| ഡി | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതിയിൽ ഇതുവരെ അപേക്ഷ സമർപ്പിക്കാൻ കഴിയാതിരുന്നവർക്ക് പുതിയതായി അപേക്ഷ നൽകാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31/01/2018 ആയിരുന്നു. ഈ തീയതിക്കു ശേഷം ഈ പദ്ധതിയിൽ പുതിയ അപേക്ഷകൾ സ്വീകരിക്കുന്നില്ല. അതേസമയം, പഠനകാലയളവിലോ വിദ്യാഭ്യാസ വായ്പയുടെ കാലയളവിലോ അപകടം മൂലമോ അസുഖം മൂലമോ ശാരീരികമായോ മാനസികമായോ 80 ശതമാനമോ അതിലധികമോ സ്ഥിര വൈകല്യം നേരിട്ടതോ, മരണപ്പെട്ടു പോയതോ ആയ വിദ്യാർത്ഥികളുടെ കാര്യത്തിൽ 31/03/2020 വരെ അപേക്ഷകൾ സ്വീകരിക്കുന്നതിന് പദ്ധതി മാനദണ്ഡങ്ങൾ അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ